ഭരണഭാഷ മാതൃഭാഷ

# കേരള സർക്കാർ

## സംഗ്രഹം

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാരിന്റെ റവന്യൂ ചെലവുകളും റവന്യൂ വരുമാനവും തമ്മിലുള്ള അന്തരം ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഒഴിവാക്കപ്പെടേണ്ട ചെലവുകൾ കണ്ടെത്തി ചെലവ് ക്രമീകരണം സംബന്ധിച്ച് അവലോകനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിദഗ്ധ സമിതി രൂപീകരിച്ച് - ഉത്തരവാകുന്നു.

ധനകാര്യ (രഹസ്യ) വകുപ്പ്

സ.ഉ.(സാധാ.)നം.3032/2020/ധന. തീയതി, തിരുവനന്തപുരം, 14.05.2020

## ഉത്തരവ്

സംസ്ഥാന സർക്കാരിന്റെ റവന്യൂ ചെലവുകളും റവന്യൂ വരുമാനവും തമ്മിലുള്ള അന്തരം ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വരുമാനം വർദ്ധിപ്പിക്കേണ്ടതിന്റെയും ചെലവുകൾ ക്രമീകരിക്കേണ്ടതിന്റെയും ആവശ്യം ഉണ്ടായിരിക്കുകയാണ്. കോവിഡ്-19-ന് ശേഷമുള്ള ഘട്ടത്തിൽ സാമ്പത്തിക രംഗം ദേശീയതലത്തിലും സംസ്ഥാന തലത്തിലും വലിയ തിരിച്ചടി നേരിടുന്നുണ്ട്. വരുമാന വർദ്ധനയ്ക്കുള്ള സാധ്യതകൾ തൽക്കാലം വിഷമകരമാണ്. സാമൂഹ്യക്ഷേമ മേഖലകളിൽ വർദ്ധിച്ചുവരുന്ന, എന്നാൽ അനിവാര്യമായ ചെലവുകൾ നിർവ്വഹിക്കേണ്ടതുമുണ്ട്. ഈ സാഹചര്യത്തിൽ ഒഴിവാക്കപ്പെടേണ്ട ചെലവുകൾ കണ്ടെത്തി ചെലവ് ക്രമീകരണം നടത്തേണ്ടത് അടിയന്തിര ആവശ്യമാണ്.

സർക്കാർ വകുപ്പുകളുടേയും മറ്റ് സ്ഥാപനങ്ങളുടെയും കോർപ്പറേഷനുകളുടെയും ബോർഡുകളുടെയും കാര്യത്തിൽ ഉണ്ടാകുന്ന ചെലവ് ബാധ്യതകളെ അവലോകനം ചെയ്യാനും ഒഴിവാക്കപ്പെടേണ്ട ചെലവുകളെപ്പറ്റി സമഗ്രമായ നിർദ്ദേശങ്ങൾ നൽകാനും താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിച്ചുത്തരവാകുന്നു.

1. പ്രൊഫ.സുനിൽ മാണി, ഡയറക്ടർ,
   സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ്, — ചെയർ പേഴ്സൺ
   തിരുവനന്തപുരം
2. ശ്രീ.ആർ.കെ. സിംഗ് ഐ.എ.എസ്.
   അഡീഷണൽ ചീഫ് സെക്രട്ടറി, — കൺവീനർ
   ധനകാര്യ വകുപ്പ്
3. ശ്രീ.ബിശ്വനാഥ് സിൻഹ ഐ.എ.എസ്.
   പ്രിൻസിപ്പൽ സെക്രട്ടറി,
   പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പ്
4. ശ്രീ.സഞ്ജയ് കൗൾ ഐ.എ.എസ്.
   എക്സ്പെൻഡിച്ചർ സെക്രട്ടറി,
   ധനകാര്യ വകുപ്പ്
5. ശ്രീ.എം. ചന്ദ്രദാസ്, സെക്രട്ടറി,
   കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി — റിസോഴ്സ് പേഴ്സൺ

Scanned with CamScanner

കമ്മിറ്റിയുടെ പരിഗണനാവിഷയങ്ങൾ താഴെപ്പറയുന്നവയായിരിക്കും.

1. സർക്കാർ വകുപ്പുകളിൽ ഒഴിവുകൾ നികത്തുന്ന രീതി
2. അന്യത്ര സേവനം അനുവദിക്കുന്ന രീതി
3. വർക്കിംഗ് അറേഞ്ച്മെന്റ് സംവിധാനം
4. അവധി ഒഴിവുകളിലെ നിയമന / പ്രമോഷൻ രീതി
5. ഓൺലൈൻ സേവനങ്ങൾ / ഇ-ഓഫീസ് സംവിധാനങ്ങൾ ഏർപ്പെടുത്തുമ്പോൾ ഒഴിവാക്കപ്പെടാവുന്ന ചെലവുകൾ
6. വകുപ്പുകളിലെ മറ്റ് ചെലവുകൾ എങ്ങനെ ക്രമീകരിക്കാം
7. വിവിധ കമ്മീഷനുകളുടെ / ബോർഡുകളുടെ / ക്ഷേമനിധികളുടെ ഓഫീസുകളുടെ ഏകോപന സാധ്യത
8. സർക്കാർ വാഹന ഉപയോഗത്തിലെ ക്രമീകരണം
9. സർക്കാർ ഓഫീസുകളുടെ സ്ഥലവിനിയോഗം ഫലപ്രദമാക്കി, വാടക ചെലവ് ചുരുക്കാൻ സാധിക്കുമോ ?
10. കോൺഫറൻസുകൾ, യോഗങ്ങൾ എന്നിവ പരമാവധി ചെലവ് ചുരുക്കി നടത്താനുള്ള സാധ്യത.
11. ജോലി ഭാരത്തിന്റെ അടിസ്ഥാനത്തിൽ പുനർവിന്യാസത്തിന്റെ സാധ്യത
12. മേൽപ്പറഞ്ഞ വിഷയങ്ങളുമായി ബന്ധപ്പെട്ട് കമ്മിറ്റിയ്ക്ക് പ്രസക്തമെന്ന് തോന്നുന്ന മറ്റ് വിഷയങ്ങൾ

കമ്മിറ്റി ദ്രുതപഠനം നടത്തി 2020 ജൂൺ 5-നകം ഒരു ഇടക്കാല റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. പൂർണ്ണ റിപ്പോർട്ട് 2020 ജൂൺ 30-ന് മുമ്പ് സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രാജേഷ് കുമാർ സിംഗ് ഐ.എ.എസ്.**

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പകർപ്പ് :-

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ) കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
5. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ
6. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
7. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
8. ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറി.
9. പൊതുഭരണ (എസ്.സി.) വകുപ്പ് (മന്ത്രിസഭാ തീരുമാനം ഇനം നമ്പർ - 3984 തീയതി 13.05.2020)
10. നോഡൽ ഓഫീസർ, www.finance.kerala.gov.in
11. ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned with CamScanner